ആറിനെ വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റൽ അന്വേഷണം ഫലപ്രദമല്ലെന്ന് കാണുന്ന കേസ്സുകളിൽ സംസ്ഥാന വിജിലൻസ് വകുപ്പിനെക്കൊണ്ട് അന്വേഷിപ്പിച്ചുവരുന്നുണ്ട്.

(സി) നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ആധാരമെഴുത്തുകാരുടെയും ഇടനിലക്കാരുടെയും പ്രവർത്തനം സബ് രജിസ്ട്രാർ ആഫീസുകളിൽ അനുവദനീയമല്ല. നിലവിലുള്ള ചട്ടമനുസരിച്ച് കക്ഷികൾക്കുതന്നെ ആധാരം രജിസ്റ്ററാക്കാൻ ബന്ധപ്പെട്ട ആഫീസുകളിൽ ഹാജരാക്കാവുന്നതാണ്.

11 (*97) കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പാഠ്യപദ്ധതി

ശ്രീ. പി.സി. ജോർജ്ജ് :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. എം. ദാസൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകി പാഠ്യപദ്ധതികൾ പരിഷ്ക്കരിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ കമ്പ്യൂട്ടർ സാക്ഷരതയിലേക്ക് നയിക്കുന്നതിന്റെ ഭാഗമായി സ്കൂൾ പഠനോപകരണങ്ങളുടെ കൂട്ടത്തിൽ കമ്പ്യൂട്ടറുകളും സോഫ്റ്റുവെയറുകളും ഉൾപ്പെടുത്തുന്ന പരിപാടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) സ്കൂൾ തലത്തിൽ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിക്കുന്നതിന്റെ ഭാഗമായി എല്ലാ പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) 2001-2002 അദ്ധ്യയന വർഷം മുതൽ സ്കൂളുകളിൽ ഏഴാം ക്ലാസ് മുതൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം കരിക്കുലത്തിന്റെ ഭാഗമാക്കുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസ്സുകളിൽ കമ്പ്യൂട്ടറിന്റെ സഹായത്തോടെ പഠനം മെച്ചപ്പെടുത്താനുള്ള വിപുലമായ ഒരു പദ്ധതിയും തയ്യാറാക്കി വരുന്നു.

(സി) സ്കൂൾ പഠനോപകരണങ്ങളുടെ കൂട്ടത്തിൽ കമ്പ്യൂട്ടർ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ തിരഞ്ഞെടുത്ത അഞ്ഞൂറ് സ്കൂളുകളിൽ ഇതിനകം തന്നെ കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്. എന്നാൽ അവയെ ഉപയോ

LIBRARY ARCHIVES Kerala Legislative Assembly

ഗിച്ചു പഠന പ്രക്രിയ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനം നിലവിൽ വരുന്നതേയുള്ളൂ.

(ഡി) മൈക്രോ സോഫ്റ്റുമായി സഹകരിച്ച് 1100 അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ പരിചയ പരിശീലനം നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമാകുന്ന മുറയ്ക്ക് പരിശീലനം വ്യാപകമാക്കും.

(ഇ) സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ ഘട്ടം ഘട്ടമായി ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ താഴെ പറയുന്ന 8 പോളിടെക്നിക്കുകളിൽ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

1. ഗവൺമെന്റ് പോളിടെക്നിക് പാലക്കാട്.
2. ഗവൺമെന്റ് പോളിടെക്നിക് കളമശ്ശേരി.
3. ഗവൺമെന്റ് പോളിടെക്നിക് കോട്ടയം.
4. വനിതാ ഗവൺമെന്റ് പോളിടെക്നിക് തിരുവനന്തപുരം.
5. ശ്രീരാമാ പോളിടെക്നിക് വലപ്പാട് (തൃപ്രയാർ)
6. ഗവൺമെന്റ് പോളിടെക്നിക് കണ്ണൂർ
7. ഗവൺമെന്റ് പോളിടെക്നിക് ആന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്രിന്റിംഗ് ടെക്നോളജി, ഷൊർണ്ണൂർ.

സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

12 (*98) ഏകീകൃത ഫിഷറീസ് നിയമം

ശ്രീ. പി. നാരായണൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവിതങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത ഫിഷറീസ് നിയമം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് ഏകീകൃത ഫിഷറീസ് നിയമം നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാനത്തെ ഉൾനാടൻ മേഖലയെ സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിച്ച് കരട് ബില്ല് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly